# കേരള സർവകലാശാല

നം.പി.ആർ.258/2018

ഫോൺ : 2305738
9446173605

## പത്രക്കുറിപ്പ്

### ‘ഭാഷയ്ക്കൊരു ഡോളർ’ പുരസ്കാരത്തിന് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

കേരള സർവകലാശാല, അമേരിക്കൻ മലയാളി സംഘടനകളുടെ ഫെഡറേഷനായ ‘ഫൊക്കാന’യുമായി ചേർന്ന് നൽകുന്ന ‘ഭാഷയ്ക്കൊരു ഡോളർ’ പുരസ്കാരത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. മലയാളത്തിലെ ഏറ്റവും മികച്ച പി.എച്ച്.ഡി പ്രബന്ധത്തിനാണ് പുരസ്കാരം നൽകുന്നത്. 2015 ഡിസംബർ 1 മുതൽ 2017 നവംബർ 30 വരെയുള്ള കാലയളവിൽ കേരളത്തിലെ സർവകലാശാലകളിൽ നിന്നും മലയാളത്തിൽ പി.എച്ച്.ഡി ലഭിച്ചവർക്ക് പ്രബന്ധം അവാർഡിനായി സമർപ്പിക്കാം. അവസാന തീയതി 2018 ഡിസംബർ 27. അപേക്ഷകൾ ലഭിക്കേണ്ട വിലാസം: രജിസ്ട്രാർ, കേരള സർവകലാശാല, പാളയം, തിരുവനന്തപുരം – 695034.വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ഫോൺ: 0471 2386227, 2386385, 9447259150.

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പ്രാക്ടിക്കൽ പരീക്ഷ

നാലാം സെമസ്റ്റർ ബി.ടെക് ഡിഗ്രി പ്രാക്ടിക്കൽ പരീക്ഷകൾ (മെക്കാനിക്കൽ എഞ്ചിനീയറിംഗ്, 2008 & 2013 സ്കീം) നവംബർ 29, 30 തീയതികളിൽ അതത് കോളേജുകളിൽ നടത്തുന്നതാണ്. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ അതത് കോളേജുമായി ബന്ധപ്പെടുക.

2018 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.കോം കൊമേഴ്സ് & ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് പ്രാക്ടിക്കൽ പരീക്ഷകൾ 2018 ഡിസംബർ 4, 6 തീയതികളിൽ എസ്.എൻ കോളേജ്, വർക്കല വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

2018 ഡിസംബർ 18 ന് ആരംഭിക്കാനിരുന്ന പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ 2019 ജനുവരി 7, 8, 9 തീയതികളിലേയ്ക്ക് മാറ്റിയിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

2018 ഡിസംബറിൽ നടക്കുന്ന ഒന്നാം സെമസ്റ്റർ എം.പ്ലാനിങ് (2013 സ്കീം – സപ്ലിമെന്ററി) പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

ഒന്നാം സെമസ്റ്റർ (ത്രിവത്സരം), അഞ്ചാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി പരീക്ഷകൾ (2011 – 12 അഡ്മിഷന് മുൻപ്) ഡിസംബർ 5 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

എട്ടാം സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ചേർഡ് (2013 സ്കീം) ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ നവംബർ 27 ന് ആരംഭിക്കും. പിഴ കൂടാതെ ഡിസംബർ 4 വരെയും 50 രൂപ പിഴയോടെ ഡിസംബർ 7 വരെയും 125 രൂപ പിഴയോടെ ഡിസംബർ 10 വരെയും അപേക്ഷിക്കാം.

2019 ജനുവരി 16 മുതൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.ബി.എ (ഫുൾ ടൈം റെഗുലർ/ഈവനിംഗ്/യു.ഐ.എം/ട്രാവൽ ആൻഡ് ടൂറിസം) പരീക്ഷയ്ക്ക് പിഴകൂടാതെ ഡിസംബർ 7 വരെയും 50 രൂപ പിഴയോടെ ഡിസംബർ 11 വരെയും സൂപ്പർ ഫൈനോടെ ഡിസംബർ 14 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2018 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ് (റെഗുലർ, സപ്ലിമെന്ററി, മേഴ്സിചാൻസ്), എം.എസ്.സി സുവോളജി, എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി ബയോടെക്നോളജി പരീക്ഷാഫലം വെബ്സൈറ്റിൽ. എം.എ ഇക്കണോമിക്സ്, എം.എസ്.സി സുവോളജി എന്നിവയുടെ സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 12 വരെ അപേക്ഷിക്കാം.

തിരുവനന്തപുരം.
27.11.2018



പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in
University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098